# കെ.എസ്.ടി.എ. സംസ്ഥാന അക്കാദമിക് കൗൺസിൽ, തിരുവനന്തപുരം

വിദ്യാജ്യോതി

## സമഗ്ര വിദ്യാഭ്യാസ പരിപാടി

## യു.എസ്.എസ്. മാതൃകാ പരീക്ഷ 2012- 13

വിഭാഗം എ ചോദ്യങ്ങൾ

**പ്രവർത്തനം 1 ശാസ്ത്രം** 10 സ്കോർ

**സാമഗ്രികൾ:**

വായ്‌വട്ടംകുറഞ്ഞ 2 കുപ്പികൾ (250 മില്ലിയിൽ അധികം), അപ്പക്കാരം/ സോഡക്കാരം 10 ഗ്രാം, ബലൂൺ 2, വിനാഗിരി 250, തീപ്പെട്ടി 1 , കടലാസ് കഷ്ണങ്ങൾ

**പ്രവർത്തനരീതി:**

ഘട്ടം 1 നിരീക്ഷണം

1. 2 ബലൂണുകളും വൂർപ്പിച്ചതിനു ശേഷം കാറ്റഴിച്ച് വെയ്ക്കുക. ഒന്നാമത്തെ കുപ്പിയിൽ 200 ml വിനാഗിരി എടുക്കുക. ഒരു ബലൂണിൽ സോഡക്കാരം / അപ്പക്കാരം നിറയ്ക്കുക. അപ്പ ക്കാരം നിറച്ച ബലൂൺ കുപ്പി യുടെ വായ്ഭാഗത്ത് ബലൂണിന്റെ വായ്ഭാഗം ഉറപ്പിക്കുക. ബലൂണിലെ അപ്പക്കാരം / സോഡക്കാരം കുപ്പിയി ലേക്ക് വീഴ്ത്തുക. കുട്ടികൾ നിരീക്ഷിക്കട്ടെ ....................... നിരീക്ഷണ ഫലങ്ങൾ രേഖപ്പെടുത്തുക.

2. രാമത്തെ കുപ്പിയെടുത്ത് ഒരു കഷ്ണം കടലാസ് കത്തിച്ച് കുപ്പിക്കകത്തേക്ക് ഇടുക. ജ്വാല പൂർണ്ണമായും അണയുന്നതിന് തോട്ടുമുമ്പേ രാമത്തെ ബലൂണിന്റെ വായ്ഭാഗം കുപ്പിയുടെ വായ്ഭാഗത്ത് ബന്ധിപ്പിക്കുക. കുട്ടികൾ നിരീക്ഷണങ്ങൾ രേഖപ്പെടുത്തട്ടെ ............

4 സ്കോർ

**ഘട്ടം : 2 നിഗമനം**

1. ഒന്നാമത്തെ കുപ്പിയിലെ ബലൂൺ പുറത്തേക്ക് വീർത്തതിന്റെ കാരണങ്ങൾ വിശദീകരിക്കുക. (രാസ പ്രവർത്തനമടക്കം

3 സ്കോർ

2. കടലാസ് കഷ്ണം കത്തിച്ചിട്ട കുപ്പിയിലെ ബലൂൺ കുപ്പിയ്ക്കകത്തേക്ക് വീർത്തതിന്റെ കാരണങ്ങൾ വിശദീകരിക്കുക

3 സ്കോർ

**പ്രവർത്തനം 2 ഗണിതം** 10 സ്കോർ




ചിത്രത്തിൽ 7 രൂപങ്ങൾ ചേർത്തുവെച്ച് ഒരു സമചതുരം ലഭിച്ചിരിക്കുന്നു.

* രൂപം 6 ന്റെ പരപ്പളവ് ആകെ പരപ്പളവിന്റെ എത്ര ഭാഗമായിരിക്കും ? 2 സ്കോർ
* കുറഞ്ഞത് എത്ര അളവുകൾ തന്നാൽ ആകെ പരപ്പളവ് കാണാം ? 1സ്കോർ
* സമചരുരത്തിന്റെ വശനീളം 4 സെ.മി ആണെങ്കിൽ ഒരോ രൂപത്തിന്റെയും പരപ്പളവ് കുപിടിക്കുക. 7 സ്കോർ

## പ്രവർത്തനം 3 സാമൂഹ്യശാസ്ത്രം 10 സ്കോർ

സമൂഹത്തിലെ അംഗമെന്ന നിലയിൽ സ്ത്രീകൾ വിവിധ മേഖലയിൽ അവരുടെ കഴിവ് തെളിയിച്ചു കൊിരിക്കുന്നു. ഏതാ് എല്ലാ തൊഴിൽ മേഖലകളിലും പുരുഷന്മാരോടപ്പം സ്ത്രീകളും ജോലി ചെയ്തുവരുന്നു. നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രം പരിശോധിച്ചാൽ പുരുഷന്മാരോടൊപ്പം നിന്ന് ബ്രിട്ടീഷുകാർക്കെതിരെയും ജന്മി മുതലാളി വിഭാഗത്തിനെതിരെയും പോരാട്ടം നടത്തിയ ധീരവനിതകളെ നമുക്ക് കാണാവുന്നതാണ്. പൊതുസമൂഹത്തിലെ ശോചനീയ അവസ്ഥയിൽ നിന്നും മോചനത്തിനായി സമരം നടത്തിയ വീരാംഗനമാരെയും അവർ നയിച്ച ധീരമുന്നേറ്റസമരങ്ങളെയും കുറിച്ച് നമ്മൾ മനസ്സിലാക്കിയിട്ട്. ഇന്ന് നമ്മുടെ കുടുംബജീവിതവുമായി ബന്ധപ്പെടുത്തി പല നിർണ്ണായക തീരുമാനങ്ങളും എടുക്കുന്ന കാര്യത്തിൽ സ്ത്രീകളുടെ സ്വാധീനം അവഗണിക്കാവുന്നതല്ല. കാർഷികം, ആതുരസേവനം, ശാസ്ത്രം, കല, സാഹിത്യം, മാധ്യമം, വിവരസാങ്കേതിക വിദ്യ, നിയമനിർമ്മാണം , നീതിന്യായം തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ പങ്ക് വിവരണാതീതമാണ്. എന്നാൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ സ്ത്രീ സമൂഹം പ്രതിലോമകരമായ നിരവധി പ്രതിസന്ധികൾ നേരിട്ടുകൊിരിക്കുന്നു. പെൺഭ്രൂണഹത്യ, ഗാർഹിക പീഢനങ്ങൾ, ദുരഭിമാനഹത്യകൾ തുടങ്ങി മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്ന സംഭവങ്ങളാണ് അനുദിനം നമ്മൾ കേട്ടുകൊിരിക്കുന്നത്. ഗ്രാമനഗര ഭേദമില്ലാതെ ജാതി മത വ്യത്യാസമില്ലാതെ സ്ത്രീകൾ ഈ അവസ്ഥക്ക് വിധേയമായിക്കൊിരിക്കുന്നു.

→ സാമൂഹ്യ നവോത്ഥാനത്തിന്റെ ഭാഗമായി സ്ത്രീകളുടെ നേതൃത്വത്തിൽ നടന്ന ഏതെങ്കിലും ര് സമരങ്ങൾ എഴുതുക ? 2 സ്കോർ

→ നിങ്ങളുടെ പ്രദേശത്തെ സ്ത്രീ ശാക്തീകരണ പ്രസ്ഥാനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും പറ്റി ഒരു ലഘുവിവരണം തയ്യാറാക്കുക ? 3 സ്കോർ

→ സ്ത്രീ സമൂഹം നേരിടുന്ന വെല്ലുവിളികളും പരിഹാര മാർഗ്ഗങ്ങളും : ഒരു കുറിപ്പ് തയ്യാറാക്കുക ? 3 സ്കോർ

→ ചുവടെ കൊടുത്തിരിക്കുന്ന പട്ടിക വിശകലനം ചെയ്ത് 2 നിഗമനങ്ങൾ കുറിക്കുക ? 2 സ്കോർ

പെൺകുഞ്ഞുങ്ങൾ 1000 ആൺകുഞ്ഞുങ്ങൾക്ക് 0 - 6 വയസ്സ് ( 1991, 2001, 2011 സെൻസസ് കണക്ക്)

| സംസ്ഥാനം | 1991 | 2001 | 2011 കേരളം |
|---|---|---|---|
| കേരളം | 958 | 960 | 959 |
| തമിഴ്നാട് | 948 | 942 | 946 |
| കർണ്ണാടക | 960 | 946 | 943 |
| ആന്ധ്രപ്രദേശ് | 975 | 961 | 943 |

**പ്രവർത്തനം 4 മലയാളം** സ്കോർ 10

## 1. ആസ്വാദനക്കുറിപ്പ്

ഒരു പാട്ടു പിന്നെയും .............

ഒരു പാട്ടു പിന്നെയും പാടിനോക്കുന്നിതാ
ചിറകൊടിഞ്ഞുള്ളൊരിക്കാട്ടു പക്ഷി !
മഴു തിന്ന മാമരക്കൊമ്പിൽ തനിച്ചിരു-
ന്നൊടിയിച്ചിറകു ചെറുതിളക്കി
നോവുമെന്നോർത്തോ ? പതുക്കെയനങ്ങാതെ
പാവം പണിപ്പെട്ടു പാടിടുന്നു !
ഇടറുമിഗ്ഗാനമൊന്നേറ്റു പാടാൻ കൂടെ-
യിണയില്ല കൂട്ടിന്നു കിളികളില്ല
പതിവുപോൽ കൊത്തിപ്പിരിഞ്ഞുപോയ് മെയ്ച്ചൂടി-
ലടവെച്ചുണർത്തിയ കൊച്ചുമക്കൾ
ആർക്കുമല്ലാതെ വെളിച്ചവും ഗാനവും
കാറ്റും മനസ്സിൽ കുടിയിരുത്തി
വരവായൊരന്തിയെക്കണ്ണാലുഴിഞ്ഞുകൊ-
ാരു കൊച്ചുരാപ്പുവുണർന്ന നേരം
ഒരു പാട്ടുകൂടിപ്പതുക്കെ മുളുന്നിതാ
ചിറകൊടിഞ്ഞുള്ളൊരിക്കാട്ടുപക്ഷി !
ഇരുളിൽ തിളങ്ങുമീപ്പാട്ടു കേൾക്കാൻ കൂടെ
മരമുു മഴയുു കുളിരുമു് !
നിഴലുു പുഴയു്, തലയാട്ടുവാൻ താഴെ
വഴിമരച്ചോട്ടിലെപ്പുല്ലുമു് .... !
ആരുമില്ലെങ്കിലെന്തായിരം കൊമ്പത്തു
താരുകളുു താരങ്ങളു് !
അപ്പാട്ടിലാഹ്ലാദത്തേനു്, കനിവെഴും
സ്വപ്നങ്ങളു്, കണ്ണീരുമു് ... !
ഒരു പാട്ടുപിന്നെയും പാടവേ തൻ കൊച്ചു
ചിറകിന്റെ നോവുമറന്നുപോകെ
ഇനിയും പറക്കില്ലയെന്നതോർക്കാതെയാ
വിരിവാനമുള്ളാൽ പുണർന്നുകൊേ
വെട്ടിയ കുറ്റിമേൽ ചാഞ്ഞിരുന്നാർദ്രമായ്
ഒറ്റച്ചിറകിന്റെ താളമോടെ
ഒരു പാട്ടുവീും തെളിഞ്ഞു പാടുന്നിതാ
ചിറകൊടിഞ്ഞുള്ളൊരിക്കാട്ടുപക്ഷി .......... !

സുഗതകുമാരി

ഈ കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

Activity 5 ENGLISH 10 Score

Don't You remember the great Indian badminton player Saina Nehawal Who has won bronze medal in 2012 olymbics ?

It was a new era in Indian badminton. All indians are proud of little Saina. Anju read the news and felt proud of Saina. She decided to write a letter congratulating Saina for her marvellous performance. Could you help Ajnu to write the letter?

# കെ.എസ്.ടി.എ. സംസ്ഥാന അക്കാദമിക് കൗൺസിൽ, തിരുവനന്തപുരം

വിദ്യാജ്യോതി

## സമഗ്ര വിദ്യാഭ്യാസ പരിപാടി

**യു.എസ്.എസ്. മാതൃകാ പരീക്ഷ 2012- 13**

വിഭാഗം.ബി.

---

ആകെ സ്കോർ 30 സമയം 45 മിനുട്ട് 1

ചുവടെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നാല് ഉത്തര സാധ്യതകളിൽ നിന്ന് ഏറ്റവും അനുയോജ്യമായവ കണ്ടെത്തുക. എന്നിട്ട് തന്നിരിക്കുന്ന ഉത്തരഷീറ്റിൽ ചോദ്യനമ്പറിന് നേരെ നൽകിയ വൃത്തത്തിൽ X അടയാളപ്പെടുത്തുക. അടയാളപ്പെടുത്തിയത് തിരുത്തണമെന്ന് തോന്നിയാൽ ആദ്യം അടയാളപ്പെടുത്തിയ വൃത്തം ഒരു ചതുരത്തിലാക്കിയ ശേഷം (X) ഉദ്ദേശിച്ച വൃത്തത്തിൽ X എന്ന് അടയാളപ്പെടുത്തുക.

1. ഈയ്യിടെ അച്ചടിനിർത്തിയ, ഇപ്പോൾ കമ്പ്യൂട്ടർ സ്ക്രീനുകളിൽ മാത്രം ലഭ്യമായ എൻസൈക്ലോപീഡിയ ഏത് ?

   (A) ബ്രിട്ടാനിക്ക എൻസൈക്ലോപീഡിയ (B)അമേരിക്കൻ ഇംഗ്ലീഷ് എൻക്ലോപീഡിയ

   (C) വേൾഡ് എൻസൈക്ലോപീഡിയ (C) ലോകഭാഷ എൻസൈക്ലോപീഡിയ

2. ഗൂഗിൾ എർത്തിന് സമാനമായി ISRO വികസിപ്പിച്ചെടുത്ത വെബ്സൈറ്റ് ഏത് ?

   (A) അഗ്നി (B) ഭുവൻ (C) ചാന്ദ്ര (D) ഭാരത്

3. ഭൂമിയുടെ ഉപരിതലത്തിൽ നിരന്തര സമ്പർക്കം പുലർത്തുന്ന അന്തരീക്ഷത്തിന്റെ ആദ്യതട്ട് ഏത് ?

   (A) അയണോസ്ഫിയർ (B) തെർമോസ്ഫിയർ (C) ട്രോപ്പോസ്ഫിയർ

   (D) സ്ട്രറ്റോസ്ഫിയർ

4. സ്വതന്ത്ര്യ ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആര് ?

   (A) അബ്ദുൾകലാം ആസാദ് (B) രാജേന്ദ്രപ്രസാദ്

   (C) ഡോ. അബേദ്കർ (D) അബ്ദുൾ കലാം

5. നോബൽ സമ്മാനം ആദ്യമായി നേടിയ ഭാരതീയൻ ആരാണ്

   (A) ജി. ശങ്കരകുറുപ്പ് (B) രവീന്ദ്രനാഥ ടാഗോർ

   (C) മദർതേരേസ (D) സി.വി. രാമൻ

6. കേരളത്തിൽ ഏറ്റവും കുറവ് മഴ ലഭിക്കുന്ന പ്രദേശം ?

   (A) ലക്കിടി (B) നേരിയ മങ്കലം

   (C) പാറശാല (D) തിരൂർ

7. ചുവടെ കൊടുത്തവയിൽ ദേശാടനപക്ഷികൾ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ് ഏത് ?

   (A) മൈന, ചെമ്പോത്ത്, സൈബീരിയൻ കൊക്ക്

   (B) കാക്ക, കുയിൽ, നാകമോഹൻ

   (C) ആർട്ടിക്ടേൺ, സൈബീരിയൻ കൊക്ക്, നാകമോഹൻ

   (D) കൊക്ക്, കരിയിലക്കിളി, ആർട്ടിക്ടേൺ

8. ചുവടെ കൊടുത്തവയിൽ താപശോഷക പ്രവർത്തനമേത് ?

   (A) കാസ്റ്റിക് സോഡ വെള്ളത്തിൽ ലയിപ്പിക്കുന്നത്

   (B) നീറ്റുകക്ക വെള്ളത്തിൽ ലയിപ്പിക്കുന്നത്

   (C) നവസാരം വെള്ളത്തിൽ ലയിപ്പിക്കുന്നത്

   (D) സോഡക്കാരം വെള്ളത്തിൽ ലയിപ്പിക്കുന്നത്.

9. ചില വിറ്റാമിനുകൾ കൊഴുപ്പിൽ ലയിക്കുന്നവയും ചിലത് ജലത്തിൽ ലയിക്കുന്നവയുമാണ് . ഇവയിൽ കൂട്ടത്തിൽ പെടാത്തത് ഏത് ?

(A) ജീവകം കെ (B) ജീവകം സി

(C) ജീവകം എ (D) ജീവകം ഇ

10. രക്തത്തെക്കുറിച്ചുള്ള പഠനം നടത്തുന്ന ശാസ്ത്ര ശാഖ ?

(A) റെഡിയോളജി (B) ഹെമറ്റോളജി

(C) ഓങ്കോളജി (D) ഗൈനക്കോളജി

11. മാംസഭോജി സസ്യങ്ങൾ ഇരപിടിക്കുന്നത് ഏത് മൂലകത്തിന്റെ കുറവ് നികത്താനനാണ് ?

(A) പൊട്ടാസ്യം (B) ഹൈഡ്രജൻ

(C) നൈട്രജൻ (D) പൊട്ടാസ്യം

12. ഫ്യൂസ് വയറിന് ഉാകേ ഗുണം ?

(A) ഉയർന്ന പ്രതിരോധം, ഉയർന്ന ഉരുകൽ നില

(B) താഴ്ന്ന പ്രതിരോധം, താഴ്ന്ന ഉരുകൽ നില

(C) താഴ്ന്ന പ്രതിരോധം, ഉയർന്ന ഉരുകൽ നില

(D) ഉയർന്ന പ്രതിരോധം, താഴ്ന്ന ഉരുകൽ നില

13. സാഭിമാനം - അഭിമാനത്തോടുകൂടി

താഴെ കൊടുത്തവയിൽ സമാനരൂപത്തിലുള്ള പദങ്ങൾ (വിഗ്രഹിച്ചാൽ അടിവരയിട്ട പദം ചേർന്നു വരുന്നവ) ഏതെല്ലാം ?

i. സസന്തോഷം

ii. സമരം

iii. സാമീപ്യം

iv. സാദരം

**ഉത്തരം**

A. ഒന്നാമത്തെയും രാമത്തെയും

B. രാമത്തെയും മൂന്നാമത്തെയും

C. മൂന്നാമത്തെയും നാലാമത്തെയും

D. ഒന്നാമത്തെയും നാലാമത്തെയും

14. ചെഞ്ചെമ്മേയുള്ളൊരു പുഞ്ചിരി തൂകുമ്പോൾ
കിഞ്ചന കാണായി വന്നുകൂടി

ഈ വരികൾക്ക് സമാനതാളമുള്ള വരികൾ താഴെ കൊടുത്തവയിൽ ഏതാണ് ?

A. സ്വർണവർണ്ണത്തെപ്പൂ മൈഥിലി മനോഹരി
സ്വർണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ

B. നമ്മുടെ മാതാവു കൈരളി പാരു
പൊന്മണിപ്പെതലായ് വാണകാലം

C. പൂക്കുന്നിതാമുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം

D. നൂറുപാടങ്ങൾക്കു നീർകൊടുക്കും
ആറു മദിച്ചു കുതിച്ചൊഴുകി

15. സിംഹത്തിന്റെ അലർച്ച കേട്ടു.

അവൻ ഞെട്ടി എഴുന്നേറ്റു.

ഈ രു വാക്യവും പലതരത്തിൽ കൂട്ടിച്ചേർത്ത് താഴെ കൊടുത്തിരിക്കുന്നു. ഇവയിൽ തെറ്റായ വാക്യം ഏത് ?

A. സിംഹത്തിന്റെ അലർച്ച കേട്ടപ്പോൾ അവൻ ഞെട്ടി എഴുന്നേറ്റു

B. സിംഹത്തിന്റെ അലർച്ച കേട്ടതുതുകൊ് അവൻ ഞെട്ടി എഴുന്നേറ്റു

C. സിംഹത്തിന്റെ അലർച്ച കേട്ടെങ്കിലും അവൻ ഞെട്ടി എഴുന്നേറ്റു

D. സിംഹത്തിന്റെ അലർച്ച കേട്ട് അവൻ ഞെട്ടി എഴുന്നേറ്റു.

16. സ്നേഹനിർഭരം എന്നതിന്റെ ശരിയായ അർത്ഥം വരുന്നത് ഏത് ?

A. സ്നേഹത്തിന്റെ നിർഭരം

B. സ്നേഹത്തോട് നിർഭരം

C. സ്നേഹത്താൽ നിർഭരം

D. സ്നേഹമായ നിർഭരം

17. അമേയം, അമരം, അമ്മാഞ്ചി, അമൃതം എന്നീ പദങ്ങൾ ഉപയോഗിച്ച് ഒരു പദ നിഘു തയ്യാറാക്കിയാൽ പദങ്ങളുടെ ശരിയായ ക്രമം എന്തായിരിക്കും ?

A. അമരം - വള്ളത്തിന്റെ പിൻഭാഗം
അമൃതം - മരണമില്ലാതെ
അമേയം - അളവില്ലാതെ
അമ്മാഞ്ചി - അമ്മാവന്റെ മകൻ

B. അമേയം - അളവില്ലാത്ത
അമരം - വള്ളത്തിന്റെ പിൻഭാഗം
അമൃതം - മരണമില്ലാത്ത
അമ്മാഞ്ചി - അമ്മാവന്റെ മകൻ

C. അമരം - വള്ളത്തിന്റെ പിൻഭാഗം
അമ്മാഞ്ചി - അമ്മാവന്റെ മകൻ
അമേയം - അളവില്ലാതെ
അമൃതം - മരണമില്ലാത്ത

D. അമരം - വള്ളത്തിന്റെ പിൻഭാഗം
അമേയം - അളവില്ലാത്ത
അമൃതം - മരണമില്ലാത്ത
അമ്മാഞ്ചി - അമ്മാവന്റെ മകൻ

18. ജോസഫ് മുശ്ശേരിയുടെ ആത്മകഥയുടെ പേര് ?

(A) ബാല്യകാസ സ്മരണകൾ (B) കൊഴിഞ്ഞ ഇലകൾ

(C) എന്റെ ബാല്യം (D) എന്റെ കഥ

19. 85 1/4 നോട് എത്ര കൂട്ടിയാൽ 100 കിട്ടും ?

(A) 14 1/2 (B) 14 1/4

(C) 13 3/4 (D) 14 3/4

20. 2 X 3 X 5 X 52 X 3 ന്റെ വർഗമൂലം എന്ത് ?

(A) 15 (B) 20 (C) 30 (D)35

21. 450 നെ ഏറ്റവും ചെറിയ ഏത് എണ്ണൽ സംഖ്യകൊ് ഹരിച്ചാൽ ഒരു പൂർണ്ണ വർഗ്ഗം കിട്ടും ?

(A) 2 (B) 3 (C) 5 (D)7

22. $\sqrt{0.5625}$ എത്ര ?

(A) 0.075 (B) 0.0075 (C) 0.75 (D) 7.5

23. $(2X^2)^3$ ന് തുല്യമായത് ഏത് ?

(A) $4X^6$ (B) $6X^6$ (C) $6X^3$ (D) $8X^6$

24. നീനു കണ്ണാടിയിലൂടെ ഭിത്തിയിലെ ക്ലോക്കിൽ നോക്കിയപ്പോൾ പാർശ്വിക വിപര്യയം സംഭവിച്ച സമയം 9 1/2 മണി എന്നാൽ ക്ലോക്കിലെ യഥാർത്ഥ സമയം എത്ര ? ഇവിടെ യുള്ള കോൺ അളവ് എത്ര ?

(A) 3 1/2 $90^0$ (B) 2 1/2 $105^0$ (C) 6 1/2 $90^0$ (D) 8 1/2 $75^0$

25. The boy is quite industrious

Choose the antonym of the word underlined

A brave B. lazy C. hardworking D. Stupid

26. A peaceful world is still a far cry

The underlined idiom means

A. a good idea B. out of reach, C. a good dream D. a long way off.

27.These Students have a good command ..................English.

A. in B. on C. over D. of

28. Life Strory way of a person written by some one else ?

A .Autobiography B. Mauscript C. biography D. Holograph

29. Write down the names of Dharma raja's Sons in its order, i.e. from eldest to youngest.

A.Adithyaraja, veeraraja, varadaraja

B.Varadaraja, Veeraraja, Adithya raja,

C.veeraraja, Adithya raja,Varadaraja

D.veeraraja, Varadaraja,Adithya raja,

30. Smoking Cigerates in public area is banned by the Hon. High Court of Kerala.

Choose the substitute to the under lined words

A. prohibited B. gave up C discarded D. post pond

കെ.എസ്.ടി.എ. സംസ്ഥാന അക്കാദമിക് കൗൺസിൽ, തിരുവനന്തപുരം

വിദ്യാജ്യോതി സമഗ്ര വിദ്യാഭ്യാസ പരിപാടി

.................................... ഉപജില്ല

യു.എസ്.എസ്. മാതൃകാ പരീക്ഷ 2012- 13

## ANSWER SHEET

Reg. No. in Figures

Reg. No.in words

| Q. No. | A | B | C | D |
|---|---|---|---|---|
| 1. | ◯ | ◯ | ◯ | ◯ |
| 2. | ◯ | ◯ | ◯ | ◯ |
| 3. | ◯ | ◯ | ◯ | ◯ |
| 4. | ◯ | ◯ | ◯ | ◯ |
| 5. | ◯ | ◯ | ◯ | ◯ |
| 6. | ◯ | ◯ | ◯ | ◯ |
| 7. | ◯ | ◯ | ◯ | ◯ |
| 8. | ◯ | ◯ | ◯ | ◯ |
| 9. | ◯ | ◯ | ◯ | ◯ |
| 10. | ◯ | ◯ | ◯ | ◯ |
| 11. | ◯ | ◯ | ◯ | ◯ |
| 12. | ◯ | ◯ | ◯ | ◯ |
| 13. | ◯ | ◯ | ◯ | ◯ |
| 14. | ◯ | ◯ | ◯ | ◯ |
| 15. | ◯ | ◯ | ◯ | ◯ |

| Q. No. | A | B | C | D |
|---|---|---|---|---|
| 16. | ◯ | ◯ | ◯ | ◯ |
| 17. | ◯ | ◯ | ◯ | ◯ |
| 18. | ◯ | ◯ | ◯ | ◯ |
| 19. | ◯ | ◯ | ◯ | ◯ |
| 20. | ◯ | ◯ | ◯ | ◯ |
| 21. | ◯ | ◯ | ◯ | ◯ |
| 22. | ◯ | ◯ | ◯ | ◯ |
| 23. | ◯ | ◯ | ◯ | ◯ |
| 24. | ◯ | ◯ | ◯ | ◯ |
| 25. | ◯ | ◯ | ◯ | ◯ |
| 26. | ◯ | ◯ | ◯ | ◯ |
| 27. | ◯ | ◯ | ◯ | ◯ |
| 28. | ◯ | ◯ | ◯ | ◯ |
| 29. | ◯ | ◯ | ◯ | ◯ |
| 30. | ◯ | ◯ | ◯ | ◯ |

(FOR OFFICE USE)

Total No. of Correct Answer:

Total marks Secured :

Name of Valuator :

Name of Supervisor :